# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 3

# വാർത്താക്കുറിപ്പ്

## ബി.എ./ബി.എഫ്.എ. പ്രവേശനം; ഓഗസ്റ്റ് 11 വരെ അപേക്ഷിക്കാം

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ ബി.എ. (വോക്കൽ, വീണ, വയലിൻ, മൃദംഗം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി വേഷം, കഥകളി സംഗീതം, കഥകളി ചെണ്ട, കഥകളി മദ്ദളം), ബി.എഫ്.എ. (നാല് വർഷം - പെയിന്റിംഗ്, അപ്ലൈഡ് ആർട്ട്, സ്കൾപ്ചർ) പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി ഓഗസ്റ്റ് 11 വരെ അപേക്ഷിക്കാം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/783/2020)

## പരീക്ഷഫലം

2020 ജൂണിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/784/2020)

2019 ഡിസംബറിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി - ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ (റഗുലർ, സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/785/2020)

2019 നവംബറിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടന്ന 2018-2020 ബാച്ച് മൂന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, എം.എ. പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്, എം.എ. പൊളിറ്റിക്സ് (പബ്ലിക് പോളിസി ആന്റ് ഗവേണൻസ്) സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/786/2020)

## അസിസ്റ്റന്റ് പ്രൊഫസർ; താൽക്കാലിക ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷനിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കാലാവധി. വിരമിച്ച അധ്യാപകർക്കും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/787/2020)

## 'സ്പെഷൽ എജ്യൂക്കേഷൻ കോഴ്സുകളും തൊഴിൽ സാധ്യതകളും'; വെബിനാർ ഓഗസ്റ്റ് അഞ്ചിന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് (ഐ.ആർ.എൽ.ഡി.) എന്നിവയുടെ ആഭിമുഖ്യത്തിൽ കാലിക്കറ്റ് എ.ഡബ്ല്യു.എച്ചുമായി സഹകരിച്ച് 'സ്പെഷൽ എജ്യൂക്കേഷൻ കോഴ്സുകളും തൊഴിൽ സാധ്യതകളും' എന്ന വിഷയത്തിൽ ഓഗസ്റ്റ് അഞ്ചിന് രാവിലെ 10ന് വെബിനാർ നടത്തുന്നു. ഗൂഗിൾ മീറ്റ് വഴി നടത്തുന്ന വെബിനാറിൽ പ്രവേശനം സൗജന്യമാണ്. ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുനരധിവാസമേഖലകളിൽ താല്പര്യമുള്ളവർക്ക് പങ്കെടുക്കാം. റിസോഴ്സ് പേഴ്സൺ: ഡോ. കെ.എം. മുസ്തഫ (ഡയറക്ടർ, ഐ.ആർ.എൽ.ഡി., സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്). വിശദവിവരത്തിന് ഫോൺ: 8304887715.

(പി.ആർ.ഒ/39/788/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ